നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം

2 (385) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം എത്ര രൂപയാണ് ;

(ബി) ഇതിൽ 2001 ജനുവരി 31 വരെ എത്ര ചെലവാക്കി ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതി വിഹിതത്തിൽ എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിൽ എത്ര ശതമാനം എന്ന വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ഈ വെട്ടിക്കുറയ്ക്കലിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) 3535 കോടി രൂപ. ഇതിൽ പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച തുക 3317 കോടി രൂപയാണ്.

(ബി) 2001 ജനുവരി 31 വരെയുള്ള താല്കാലിക കണക്കനുസരിച്ച് 1349.30 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഇത് മൊത്തം പദ്ധതി അടങ്കലിന്റെ 52 ശതമാനം ആണ്. ഇതിൽ ഓരോ മേഖലകളിലും ചെലവായ തുക താഴെ പറയും പ്രകാരമാണ്.

കൃഷിയും അനുബന്ധവകുപ്പുകളും	114.68 കോടി
ഗ്രാമവികസനം	39.74 "
സഹകരണം	8.50 "
ജലസേചനം	127.17 "
വൈദ്യുതി	471.94 "
വ്യവസായം	117.12 "
ഗതാഗതം വിനോദസഞ്ചാരം	174.05 "
ശാസ്ത്രവും ഗവേഷണവും	12.73 "
സാമൂഹ്യവും സാമൂഹ്യസേവനപരമായ സർവ്വീസുകൾ	257.28 "
മറ്റ് സാമ്പത്തിക സർവ്വീസുകൾ	9.29 "
മറ്റ് ജനറൽ സർവ്വീസുകൾ	16.20 "
ജനകീയാസൂത്രണം	498.60 "

ഈ സാമ്പത്തിക വർഷത്തിൽ തന്നെ ബാക്കി തുകയും ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി അടങ്കലിൽ ആസൂത്രണകമ്മീഷൻ 3317 കോടി രൂപയാക്കി വെട്ടിക്കുറയ്ക്കുകയുണ്ടായി. ഈ വെട്ടിക്കുറവ് മിക്കവാറും എല്ലാ മേഖലകൾക്കും ബാധകമാണ്. പദ്ധതിയടങ്കലിന് നേരത്തെ നിശ്ചയിച്ചിരുന്ന തുകയുടെ 6.17 ശതമാനമാണ് വെട്ടിക്കുറച്ചിട്ടിട്ടുള്ളത്.

(ഡി) പ്രത്യേക കാരണങ്ങൾ വിശദമാക്കിയിട്ടില്ല.

2000-2001 സാമ്പത്തിക വർഷത്തിലെ ഓവർഡ്രാഫ്റ്റ്

3 (386) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തിക വർഷം എത്ര പ്രാവശ്യം എത്ര രൂപ ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സാമ്പത്തിക വർഷം എത്ര പ്രാവശ്യം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ടെന്ന് പറയുമോ ;

(സി) 1995-96 സാമ്പത്തിക വർഷം ഓവർഡ്രാഫ്റ്റ്, വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് ഗവൺമെന്റ് എടുത്തിരുന്നുവോ ;

(ഡി) എങ്കിൽ എത്ര പ്രാവശ്യം എത്ര രൂപ വീതം എടുത്തു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2000 ഡിസംബർ വരെ 16 തവണകളായി ആകെ 2133.50 കോടി രൂപയെടുത്തിട്ടുണ്ട്.

(ബി) 2001 ജനുവരി വരെ ആകെ 69 പ്രാവശ്യം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

വിദേശ ഏജൻസികളിൽ നിന്നുള്ള കടം

4 (388) ശ്രീ. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വിദേശ ഏജൻസികളിൽനിന്നും സംഘടനകളിൽ നിന്നും ഏതൊക്കെ തീയതികളിൽ എന്തുതുക വീതം ഏതൊക്കെ ആവശ്യങ്ങൾക്കായി കടം കൊണ്ടിട്ടുണ്ടെന്നും പ്രസ്തുത കടം തിരിച്ചടക്കേയ്ണ്ടതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly